ശ്രീ. ടി. കെ. ദിവാകരൻ : ഇപ്പോഴും വിശദമായി മറുപടി പറയാൻ നിർവ്വാഹമില്ല. എങ്കിലും ഇക്കാര്യത്തിൽ പരാതിയുണ്ടായിട്ടുള്ളതായി അറിയാം. ആ കാരണം പറഞ്ഞുകൊണ്ട് അവിടത്തെ അസിസ്റ്റന്റ് സ്റ്റോർകീപ്പറെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ട്. ആ അന്വേഷണം തൃപ്തികരമല്ലെന്നു പറഞ്ഞതുകൊണ്ട് വ്യാഴാഴ്ചത്തെ ജോയിന്റ് സെക്രട്ടറി ഇക്കാര്യം പ്രത്യേകം പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എൻ. കെ. ശേഷൻ : ടെൻഡർ വിളിച്ച് പാഠപുസ്തകങ്ങൾ അടിക്കാൻ ഏല്പിച്ചു കൊടുക്കണമെന്നു പറഞ്ഞു. ടെൻഡർ വിളിക്കാതെ ഏതെങ്കിലും പ്രസ്സിനെ ഏല്പിച്ചിട്ടുണ്ടോ ?

ശ്രീ. ടി. കെ. ദിവാകരൻ : അറിയുകയില്ല.

ശ്രീ. ആർ. എസ്. ഉണ്ണി : ഇൻഡ്യാഗവണ്മെന്റിന്റെ കീഴിൽ പാഠപുസ്തകങ്ങളുടെ അച്ചടി നടത്തുന്നതിനായി ഇൻഡ്യ 3 മേഖലകളായി തിരിച്ച് 3 സ്ഥാപനങ്ങളും ഉണ്ടാക്കുമെന്നു പറഞ്ഞിട്ടുണ്ട്. ദക്ഷിണസംസ്ഥാനങ്ങൾക്കുവേണ്ടി മൈസൂരിൽ ഒരു മേഖല സ്ഥാപിക്കുന്നുണ്ടെന്നും അതു വികസിപ്പിക്കാനുദ്ദേശിക്കുന്നുണ്ടെന്നും പറഞ്ഞിട്ടുണ്ട്. ഇതെപ്പറ്റി നമ്മുടെ ഗവണ്മെന്റ് കേന്ദ്രഗവണ്മെന്റുമായി കത്തിടപാടുകൾ നടത്തിയിട്ടുണ്ടോ ; നമ്മുടെ പാഠപുസ്തകങ്ങളുടെ അച്ചടി മൈസൂരിലാക്കാൻ ഏർപ്പാടുണ്ടോ, ഭാവിയിലെങ്കിലും അതു സ്വീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി. കെ. ദിവാകരൻ : ഗവണ്മെന്റ് പ്രസ്സിന്റെ ചുമതല കൊടുക്കുന്നതു മാറ്റുകയും അച്ചടിക്കുക എന്നുള്ളതാണ്. പാഠപുസ്തകങ്ങളുടെ അച്ചടി വിദ്യാഭ്യാസവകുപ്പിന്റെ ചുമതലയാണ്. അതുകൊണ്ട് ഈ ചോദ്യം പ്രത്യേകം ചോദിക്കണം.

ശ്രീ പി.പി. ജോർജ് : ഷൊർണ്ണൂർ ഗവണ്മെന്റ് പ്രസ്സിൽ അടിക്കാൻ ഏല്പിച്ചിരുന്നതിൽനിന്നും 6,04,000 കോപ്പികളും കന്നഡം പ്രൈവറ്റ് പ്രസ്സിൽ അടിക്കാൻ ഏല്പിച്ചു എന്നു ചോദ്യകർത്താവു പറഞ്ഞതു വസ്തുത ശരിയാണോ ?

ശ്രീ. ടി. കെ. ദിവാകരൻ : പ്രത്യേകമായി ചോദിക്കണം. ഇപ്പോൾ അതിനെപ്പറ്റിയുള്ള വിവരം കൈവശമില്ല.

ശ്രീ. പി. കുഞ്ഞൻ : കഴിഞ്ഞവർഷം ഷൊർണ്ണൂർ ഗവണ്മെന്റ് പ്രസ്സിൽ 14 ലക്ഷം കോപ്പികൾ അടിച്ചിട്ടുണ്ട്. ഈ വർഷത്തിൽ 11 ലക്ഷം കോപ്പികൾ മാത്രമായിരുന്നിട്ടും അതിൽനിന്നും 6,04,000 കോപ്പികൾ പുറത്തുകൊടുത്തു അടിപ്പിക്കാനുണ്ടായ കാരണമെന്താണെന്നു പറയാമോ ?

ശ്രീ. ടി. കെ. ദിവാകരൻ : കഴിഞ്ഞവർഷമുണ്ടായകാരണം പണിമുടക്കായിരുന്നു. ഈ വർഷം അങ്ങനെ കൊടുത്തിട്ടുണ്ടെങ്കിൽ അതിനെപ്പറ്റി അന്വേഷിക്കാം.

അലോപ്പതി ഔഷധ നിർമ്മാണം

* 154 [577] ശ്രീ കെ. ശേഖരൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഈ സംസ്ഥാനത്തു സർക്കാരുടമയിൽ 'അലോപ്പതി' ഔഷധ നിർമ്മാണം ആരംഭിക്കുവാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) ബഹു : ധനകാര്യമന്ത്രി മുമ്പാകെ ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ച പ്രസ്തുത പദ്ധതി കഴിയുംവേഗം നടപ്പിലാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും വിദ്യുച്ഛക്തിയുംമന്ത്രി (ശ്രീ. എം. എൻ. ഗോവിന്ദൻനായർ) :

(എ) ഉണ്ട്.

(ബി) ഇതു് ആരോഗ്യവകുപ്പിന്റെ പരിഗണനയിലിരിക്കുന്നു.

ശ്രീ. വക്കം പുരുഷോത്തമൻ : ഈ ഗവണ്മെന്റുമായി സഹകരിച്ചു് ഇവിടെ അലോപ്പതി ഔഷധനിർമ്മാണം നടത്താൻവേണ്ടി സംസ്ഥാനത്തിനു് പുറത്തുനിന്നു് വല്ല വ്യക്തികളോ സ്ഥാപനങ്ങളോ ആലോചനയുമായി വന്നിട്ടുണ്ടോ ?

ശ്രീ എം. എൻ. ഗോവിന്ദൻനായർ : ഉത്തരത്തിൽ പറയുന്നതുപോലെ ഇങ്ങനെയൊരു വ്യവസായശാല തുടങ്ങുന്നകാലത്തു് ആരോഗ്യവകുപ്പിന്റെ കീഴിലായതുകൊണ്ടു് അതേപറ്റിയുള്ള വിവരം എന്റെ കൈവശമില്ല.

ശ്രീ. കെ. ടി. ജോർജ്ജു് : ഇവിടെത്തന്നെ ഔഷധങ്ങൾ നിർമ്മിക്കുന്നതിനേക്കാൾ പുറമേനിന്നു വാങ്ങുന്നതാണു് ഗുണകരമെന്നു് ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി പ്രഖ്യാപിച്ചിട്ടുള്ളതായി അറിയാമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ : അതു് ആരോഗ്യമന്ത്രിക്കേ അറിയാവൂ.

ശ്രീ. ടി. എ. മജീദു് : സർ, എല്ലാ മന്ത്രിമാരും പ്രത്യേകം പ്രത്യേകമാണോ ? എല്ലാമന്ത്രിമാരുംകൂടിയും കാര്യം എല്ലാമന്ത്രിമാരും അറിഞ്ഞിരിക്കേണ്ടതല്ലേ ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ : അലോപ്പതിഔഷധം ഇവിടെ നിർമ്മിക്കണമെന്നും അതു് ആരോഗ്യവകുപ്പിന്റെ കീഴിലായിരിക്കണമെന്നുമുള്ള പൊതുവായ തീരുമാനം അംഗീകരിച്ചിട്ടുണ്ടു്. വിശദവിവരങ്ങൾ ആരോഗ്യമന്ത്രിക്കാണു് നൽകാൻ കഴിയുന്നതു്.

ടൈറാനിയം കോംപ്ലക്സ്

* 155. [578] ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള.

.. ആർ. എസ്. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു് ആരംഭിക്കുമെന്നു് കേട്ടിരുന്ന ടൈറാനിയം കോംപ്ലക്സിന്റെ സ്ഥാപനം സംബന്ധിച്ച പ്രവർത്തനം എത്രത്തോളമായി ;

(ബി) ഇതിനുള്ള ലൈസൻസുകൾ ഏതെങ്കിലും സ്ഥാപനത്തിനു് നൽകികഴിഞ്ഞോ ;

(സി) ഉണ്ടെങ്കിൽ ലൈസൻസു് നൽകിയതു് ഏതു സ്ഥാപനത്തിനാണെന്നും ടൈറാനിയം കോംപ്ലക്സു് എന്നത്തേക്കു് സ്ഥാപിതമാകുമെന്നും വ്യക്തമാക്കുമോ ;

(ഡി) ഇതിന്റെ സ്ഥാപനത്തിനുവേണ്ടി തൊടിയൂർ, തൈമനാഗപ്പള്ളി പ്രദേശങ്ങളിൽ സർവ്വേ ചെയ്തിട്ടുള്ള സ്ഥലം മുൻകൂട്ടി പൊന്നുംവിലയ്ക്കെടുക്കുവാൻ തയ്യാറാകുമോ ?

കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി (ശ്രീ. എം. എൻ. ഗോവിന്ദൻ നായർ) :

(എ) സാങ്കേതികസഹകരണത്തെ സംബന്ധിച്ച ചർച്ച മിക്കവാറും പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ടു്.

(ബി) ലെറ്റർ ഓഫ് ഇന്റെന്റു് നൽകിയിട്ടുണ്ടു്.

(സി) മെ. ബല്ലാർപൂർ പേപ്പർ കമ്പനിക്കാണു് നല്കിയിരിക്കുന്നതു്. എന്നത്തേക്കു സ്ഥാപിതമാകുമെന്നു് തീരുമാനമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly